# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3385 — 21.12.2012- ൽ മറുപടിക്ക്

**പഞ്ചായത്തുകൾതോറും ഗ്രീൻ ഹൗസുകൾ സ്ഥാപിക്കുന്ന പദ്ധതി**

| ചോദ്യം | | മറുപടി |
|---|---|---|
| ഡോ. കെ. ടി . ജലീൽ | | ശ്രീ. കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ | സംസ്ഥാനത്തെ പഞ്ചായത്തുകൾ തോറും ഗ്രീൻ ഹൗസുകൾ സ്ഥാപിക്കുന്ന പദ്ധതി അനുസരിച്ച് മലപ്പുറം ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് ഗ്രീൻ ഹൗസുകൾ സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഗുണഭോക്താക്കളുടെ പേരും വിലാസവും ലഭ്യമാക്കാമോ; | എ സംസ്ഥാനത്തെ പഞ്ചായത്തുകൾ തോറും ഗ്രീൻഹൗസുകൾ സ്ഥാപിക്കുന്ന പദ്ധതി അനുസരിച്ച് മലപ്പുറം ജില്ലയിൽ താഴെപറയുന്ന പഞ്ചായത്തുകളിലാണ് ഗ്രീൻഹൗസുകൾ സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുള്ളത്- വെളിയംകോട്, ആലങ്കോട്, പെരുമ്പടപ്പ, നന്നമുക്ക്, വെട്ടം, തിരുനാവായ, മംഗലം, പുറത്തൂർ, പൂക്കോട്ടൂർ, പൊൻമള, പാണ്ടിക്കാട്, തിരുവാലി, തൃക്കലങ്ങോട്, മമ്പാട്, ഇടപ്പാൾ, മൂർഘനാട്, മങ്കട, കാവനൂർ, പുൽപ്പറ്റ, ഊർങ്ങാട്ടിരി, കുഴിമണ്ണ, ചീക്കോട്, കീഴ്പറമ്പ്, അരിക്കോട്, ഇടവണ്ണ, വട്ടംകുളം, ചെറിയമുണ്ടം, പൊൻമുണ്ടം, ഒഴൂർ, താണാലൂർ, താനൂർ, വഴിക്കടവ്, ചാലിയാർ, ചുങ്കത്തറ, ഇടക്കര, നിലമ്പൂർ, വെട്ടത്തൂർ, ആലിപ്പറമ്പ്, മേലാറ്റൂർ, കീഴാറ്റൂർ, അങ്കാടിപ്പുറം, ചേലേമ്പ്ര, ചെറുകാവ്, പുളിക്കൽ, മുതുവല്ലൂർ, പറപ്പൂർ, തിരൂരങ്ങാടി, പരപ്പനങ്ങാടി, വള്ളിക്കുന്ന്, നന്നമ്പ്ര, അമരമ്പലം, തുവ്വൂർ, കരുവാരകുണ്ട്, ചോക്കാട്, മാറാഞ്ചേരി, കരുളായി, ഇരിമ്പിളിയം. ഗുണഭോക്താക്കളുടെ പേരും വിലാസവും അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി | ഓരോരുത്തർക്കും എന്തു തുക വീതമാണ് സബ്സിഡി ഇനത്തിൽ ലഭിക്കുക എന്ന് വ്യക്തമാക്കാമോ; | ബി 400 ചതുരശ്ര മീറ്റർ വിസ്തീർണ്ണം വരുന്ന പോളിഹൗസിന് മൊത്തം ചെലവായ 3.74 ലക്ഷം രൂപയുടെ 75 ശതമാനമായ 2.805 |

| | | | |
|---|---|---|---|
| | | | ലക്ഷം രൂപയാണ് ധനസഹായം നൽകുന്നത്. |
| സി | സബ്സിഡി ലഭിച്ച ഗുണഭോക്താക്കൾ കുറഞ്ഞത് ഇത്ര വർഷം കൃഷി ചെയ്യ ണമെന്നുള്ള വ്യവസ്ഥയുണ്ടോ; എങ്കിൽ എത്ര വർഷമാണെന്ന് വ്യക്തമാക്കുമോ; | സി | ഉണ്ട്, സബ്സിഡി ലഭിച്ച ഗുണ ഭോക്താക്കൾ കുറഞ്ഞത് 5 വർഷം കൃഷി ചെയ്യണമെന്നുള്ള വ്യവസ്ഥ യാണുള്ളത്. |
| ഡി | പ്രസ്തുത വ്യവസ്ഥ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാര ണം വ്യക്തമാക്കാമോ ? | ഡി | വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്